(ഡി) വ്യക്തികൾ, സഹകരണ സംഘങ്ങൾ, ചാരിറ്റബിൾ സംഘങ്ങൾ, ട്രസ്റ്റുകൾ, സ്വയംസഹായ സംഘങ്ങൾ എന്നീ ഏജൻസികൾക്ക് ഖാദി കമ്മീഷൻ അംഗീകരിച്ച ഗ്രാമവ്യവസായങ്ങൾ ആരംഭിക്കുന്നതിന് മാർജിൻമണി ഗ്രാന്റ് ബോർഡ് നൽകുന്നു. പലിശ സബ്സിഡി സ്കീം ഇപ്പോൾ നിലവിലില്ല.

ഖദർ തുണി ഉല്പാദിപ്പിക്കുന്ന വിവിധ പ്രക്രിയയിൽ ഏർപ്പെട്ടിട്ടുള്ള തൊഴിലാളികൾ

179 (3134) ശ്രീ. എ. സുജനപാൽ :
ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. ഡി. സുഗതൻ :
ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമ വികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഖദർ തുണി ഉല്പാദിപ്പിക്കുന്ന വിവിധ പ്രക്രിയയിൽ ഇപ്പോൾ എത്ര തൊഴിലാളികൾ ഏർപ്പെട്ടിട്ടുണ്ട് ;

(ബി) ഇവർക്ക് കൂലിയിനത്തിൽ പ്രതിദിനം എന്തു തുക നൽകിവരുന്നു ;

(സി) ഖാദിക്ക് പ്രതിവർഷം എത്ര ദിവസത്തെ റിബേറ്റ് നൽകുന്നു ;

(ഡി) എന്തു തോതിലാണ് റിബേറ്റ് നൽകുന്നത് ;

(ഇ) കേന്ദ്രഗവൺമെന്റ് ഖാദി കമ്മീഷൻ, സംസ്ഥാന ഗവൺമെന്റ്, ഖാദി ബോർഡ് എന്നിവ എത്ര വീതം റിബേറ്റോ സബ്സിഡിയോ നൽകുന്നുണ്ട് എന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) 14165 തൊഴിലാളികൾ.

(ബി) ഖാദി മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് ഖാദി കമ്മീഷൻ അംഗീകരിച്ചിരിക്കുന്ന കോസ്റ്റ് ചാർട്ടിനു വിധേയമായി, ചെയ്യുന്ന ജോലിക്കനുസരണമായിട്ടാണ് കൂലി നല്കുന്നത്. ഇതിൻപ്രകാരം നൂൽപ്പുകാർക്ക് 15 രൂപ മുതൽ 35 രൂപ വരെയും നെയ്ത്തുകാർക്ക് 20 രൂപ മുതൽ 50 രൂപ വരെയും നല്കുന്നു.

(സി-ഇ) വർഷം മുഴുവൻ സംസ്ഥാന സർക്കാർ ഖാദിക്കു 10% റിബേറ്റും ഖാദി കമ്മീഷൻ സിൽക്ക് ഒഴികെയുള്ള തുണിത്തരങ്ങൾക്ക് 10% റിബേറ്റും നൽകുന്നു. ഇതുകൂടാതെ ഖാദി കമ്മീഷൻ എല്ലാ ഖാദി തുണിത്തരങ്ങൾക്കും ഉത്സവ കാലങ്ങളിൽ 108 ദിവസത്തേയ്ക്ക് 10% സ്പെഷ്യൽ റിബേറ്റും ഇപ്പോൾ നൽകുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly